പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3369 — 18.2.2013-ൽ മറുപടിക്ക്

പൈപ്പ് കമ്പോസ്റ്റ് പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.പി. വിൻസെന്റ് | ശ്രീ.മഞ്ഞളാംകുഴി അലി (നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| എ) നഗരങ്ങളിൽ പൈപ്പ് കമ്പോസ്റ്റ് പദ്ധതി നടപ്പിലാക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; | എ) സർക്കാരിന്റെ പുതുക്കിയ സബ്സിഡി മാനദണ്ഡം അനുസരിച്ച് പൈപ്പ് കമ്പോസ്റ്റ്, വെർമി കമ്പോസ്റ്റ് തുടങ്ങിയ കമ്പോസ്റ്റ് യൂണിറ്റുകൾക്ക് യൂണിറ്റ് തുകയുടെ 75% സർക്കാർ സബ്സിഡിയും 15% തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ സബ്സിഡിയും ചേർത്ത് 90% സബ്സിഡി ഗുണഭോക്താക്കൾക്ക് ലഭ്യമാക്കി വരുന്നു. |
| ബി) പൈപ്പ് കമ്പോസ്റ്റ് പദ്ധതിയുടെ പോരായ്മകൾ എന്തെല്ലാമെന്ന് പരിശോധിച്ചിട്ടുണ്ടോ ; വിശദമാക്കുമോ? | ബി) ഉണ്ട്. തുടക്കത്തിൽ കമ്പോസ്റ്റിംഗ് നടത്തുമ്പോൾ അധികരിച്ച രീതിയിൽ പുഴു ഉണ്ടാകുന്നതായി കണ്ടിരുന്നു. അത് പരിഹരിക്കുന്നതിനായി പൈപ്പ് കമ്പോസ്റ്റ് സംവിധാനത്തിൽ ബാക്ടീരിയ അടങ്ങിയ മിശ്രിതം തളിച്ചും ചാണകവെള്ളം തളിച്ചും കമ്പോസ്റ്റിംഗ് രീതിക്ക് വേഗത വർദ്ധിപ്പിക്കുന്നതിലേയ്ക്ക് ശ്രമം നടത്തിയിട്ടുണ്ട്. ഇതിൽ തളിക്കുന്ന മിശ്രിതം സർക്കാർ അംഗീകരിച്ച് വിജ്ഞാപനം ചെയ്തിട്ടുണ്ട്. മാത്രവുമല്ല പ്രസ്തുത വിവരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളെ അറിയിക്കുകയും മീഡിയ വഴി പബ്ലിസിറ്റി കൊടുക്കുകയും ചെയ്തിട്ടുണ്ട്. പൈപ്പ് കമ്പോസ്റ്റിംഗ് ശാസ്ത്രീയമായി നിർവ്വഹണം നടത്തുന്നതിന് വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ ലഘുലേഖയായി തയ്യാറാക്കി ശുചിത്വ മിഷൻ വഴി ലഭ്യമാക്കിവരുന്നു. |

സെക്ഷൻ ഓഫീസർ